പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ.

* 883. [63] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശക്രിസ്ത്യാനികൾക്കു പട്ടികജാതിക്കാർക്കുള്ളതുപോലെയുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നു് ഏതെല്ലാം സംഘടനകളിൽനിന്നും ആരെല്ലാം നിവേദനം നടത്തിയിട്ടുണ്ടു്;

(ബി) ഈ പ്രശ്നത്തെ സംബന്ധിച്ചു് ഒരു അനുകൂലമായ തീരുമാനം എടുക്കുന്നതിനു നിലവിലുള്ള നിയമം അനുയോജ്യമാണോ;

(സി) അവശക്രിസ്ത്യാനികൾ എന്നും പിന്നാക്കസമുദായ ക്രിസ്ത്യാനികളെന്നും പറയുന്നതിൽ ഗവണ്മെൻറു് ഇപ്പോൾ ഏതു വിഭാഗത്തിനാണു് കൂടുതൽ ആനുകൂല്യങ്ങൾ നൽകിവരുന്നതു്;

(ഡി) ആ വിഭാഗത്തിൽ ഏതെല്ലാം സമുദായങ്ങൾ ഉൾപ്പെടും; ആനുകൂല്യം നൽകുന്നതിന്റെ തത്വമെന്തു്; അതു് എപ്പോൾ മുതൽ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഹിന്ദുപട്ടികജാതിക്കാർക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നു പല ക്രിസ്ത്യൻ സംഘടനകളും പല വ്യക്തികളും നിവേദനം നടത്തിയിട്ടുണ്ടു്.

(ബി) നിലവിലുള്ള ഉത്തരവു് അനുവദിക്കുന്നില്ല. പക്ഷെ ഈ പ്രശ്നം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണു്.

(സി) ഈ രണ്ടു വിഭാഗക്കാർക്കും നൽകുന്ന ആനുകൂല്യങ്ങളിൽ വ്യത്യാസമില്ല.

(ഡി) പട്ടികജാതിയിൽനിന്നും, പട്ടികവർഗ്ഗത്തിൽനിന്നും മറ്റു പിന്നാക്കസമുദായത്തിൽനിന്നും മതപരിവർത്തനം ചെയ്ത എല്ലാ വിഭാഗക്കാരും ഉൾപ്പെടും. അവരുടെ സാമ്പത്തികനിലയുടെ അടിസ്ഥാനത്തിലാണു് ആനുകൂല്യം നൽകുന്നതു്. 1949 മുതൽ.

Free Education and Backward Communities.

* 884. [35] SHRI A. A. D. LUIZ : Will the Chief Minister be pleased to state :

(a) whether the Government is aware of the fact that certain private Educational Institutions are insisting on payment of fees by students of other backward communities who are entitled to have free education ; and

(b) will the Government be prepared to issue a directive that no fees should be demanded after the production of poverty certificates and community certificates ?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) It has been brought to the notice of Government that the two Anglo-Indian Schools at Thangassery are demanding fees from students of other backward communities.

LIBRARY ARCHIVES Kerala Legislative Assembly

(b) Controlling Officers of the Education Department have been directed to issue necessary instructions thereon to the private Schools under their control.

STARRED QUESTIONS POSTED FOR ANSWER ON 14-10-1955.

കൃഷിവികസനപരിപാടികൾ.

* 885. [37] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു കൃഷിവികസനത്തെ ലക്ഷ്യമാക്കി എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഈ ഇനങ്ങൾക്കുവേണ്ടി എന്തുമാത്രം തുക ചെലവു വരും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു കൃഷിവികസനത്തെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികളുടെ ലിസ്റ്റ്† മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) ഈ ഇനങ്ങൾക്കുവേണ്ടി ഏകദേശം 520 ലക്ഷം രൂപ ചെലവുവരും.

അഴിമതിക്കുറ്റങ്ങൾ.

* 886. [38] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഫെബ്രുവരിക്കുശേഷം അഴിമതിക്കുറ്റങ്ങൾക്ക് എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട് ;

(ബി) അതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട് ;

(സി) ശിക്ഷിക്കപ്പെട്ടവർ ആരെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1955 ഫെബ്രുവരിക്കുശേഷം ഡിപ്പാർട്ടുമെൻറ് മേലുദ്യോഗസ്ഥന്മാർ തങ്ങളുടെ കീഴിലുള്ള 132 പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. ഇവയ്ക്കു പുറമെ അഴിമതി നിരോധന സെക്രട്ടറിക്ക് 168 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 72 പേർക്ക് ഡിപ്പാർട്ടുമെൻറ് മേലുദ്യോഗസ്ഥന്മാരും, 17 പേർക്ക് ഗവണ്മെൻറും ശിക്ഷകൾ നൽകിയിട്ടുണ്ട്.

(സി) ശിക്ഷിക്കപ്പെട്ടവരുടെ ലിസ്റ്റ് ‡ മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Please See Appendix XV.

‡ Please See Appendix XVI.

LIBRARY ARCHIVES Kerala Legislative Assembly